കേരളകൗമുദി

ജനസാഗരമായി ജനസമ്പർക്ക പരിപാടി

പരിഹാരമായത് ആയിരക്കണക്കിനു പരാതികൾക്ക്

കൽപ്പറ്റ: വർഷങ്ങളായി ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുന്ന സാധാരണക്കാരുടെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ മാന്ത്രികനെപ്പോലെ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെത്തിയപ്പോൾ കൽപ്പറ്റ എസ്.കെ.എം.ജെ. ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് ജനസാഗരമായി. ഇരുപതിനായിരത്തിലധികം പരാതികളാണ് വയനാട് ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയ്ക്ക് മുന്നിലെത്തിയത്. രാവിലെ 9.30നു തന്നെ മുഖ്യമന്ത്രി പരാതികേൾക്കാൻ എത്തിയിരുന്നു.

സർക്കാരും ജനങ്ങളും തമ്മിലും ജനങ്ങളുടെ പ്രശ്നങ്ങളും അധികാരവും തമ്മിലുമുള്ള അകലം കുറയ്ക്കുക എന്ന വലിയ ലക്ഷ്യമാണ് ജനസമ്പർക്ക പരിപാടിക്കുള്ളതെന്നു മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ജനങ്ങളുടെ ചിന്താഗതിയും എന്താഗ്രഹിക്കുന്നു എന്നത് മനസ്സിലാക്കുകയും ചെയ്യുക എന്നതും ജനസമ്പർക്ക പരിപാടിയുടെ ഉദ്ദേശ്യമാണ്. ഡിസംബർ 22നു പരിപാടി അവസാനിക്കുന്നതോടെ ലഭിക്കുന്ന അനുഭവസമ്പത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ പുതിയ നയപരിപാടികൾ ആവിഷ്കരിക്കും. ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും സുഗമമായ പ്രവർത്തനത്തിന് നിരവധി ചട്ടങ്ങളും നിയമങ്ങളും തടസ്സമാവുന്നുണ്ട്. ജനസമ്പർക്ക പരിപാടിയിലൂടെ ഇത്തരം പ്രശ്നങ്ങൾ മനസ്സിലാക്കി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പരിഹരിക്കാനാവാത്ത പ്രശ്നങ്ങളിൽ ജനങ്ങൾക്ക് അതിന്റെ സാഹചര്യം വിശദീകരിച്ചുകൊടുക്കണം. അധികാരകേന്ദ്രങ്ങൾ തങ്ങളെ അവഗണിക്കുകയാണെന്ന തോന്നൽ ജനങ്ങൾക്കുണ്ടാവുന്നതു ജനാധിപത്യ വ്യവസ്ഥയ്ക്ക് നല്ലതല്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ജനസമ്പർക്ക പരിപാടിക്കായി അതിരാവിലെ മുതലേ കൽപ്പറ്റ എസ്.കെ.എം.ജെ. സ്കൂൾ ഗ്രൗണ്ടിൽ വൻജനത്തിരക്കാണ് അനുഭവപ്പെട്ടത്. കാലത്ത് ഒൻപതരയ്ക്ക് പരിപാടിക്ക് തുടക്കമാവുമ്പോഴേക്കും പതിനായിരങ്ങൾ സന്നിഹിതരായിരുന്നു. 19,064 പരാതികളായിരുന്നു രാവിലെ ലഭിച്ചിരുന്നത്. ഹ്രസ്വമായ ഉദ്ഘാടന ചടങ്ങിനും ധനസഹായ വിതരണത്തിനും ശേഷം മുഖ്യമന്ത്രി ആംബുലൻസിലും മറ്റുമായി എത്തിയ

കൽപ്പറ്റയിൽ നടന്ന അഞ്ചാമത് ജനസമ്പർക്ക പരിപാടി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

തോഗികളുടെ പരാതികളും അപേക്ഷകളും അവരുടെ ആരികിലെത്തി സ്വീകരിച്ചു. പിന്നീട് പ്രായമായവർക്കും വികലാംഗർക്കുമായി ഒരുക്കിയ പ്രത്യേക ഇരിപ്പിടങ്ങളിലെത്തിയും അദ്ദേഹം പരാതികൾ ഏറ്റുവാങ്ങി. തുടർന്നാണ് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിച്ചുതുടങ്ങിയത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 482 കേസുകളിലായി 10,19,000 രൂപയും എൻ.എഫ്.ബി.എസിൽ 46 കേസുകളിലായി 1000 രൂപ വീതം 4,60,000 രൂപയും അനുവദിച്ചു. പരാതികൾ ഏറെയുണ്ടായിരുന്ന ബി.പി.എൽ ലിസ്റ്റ് പ്രശ്നത്തിൽ സർക്കാർ തീരുമാനം പിന്നീട് അറിയിക്കാമെന്നും മുഖ്യമന്ത്രി അറിയിച്ചു. രാത്രി എട്ട് മണിവരെ ഏഴായിരം പേരുടെ പരാതികളാണ് തീർപ്പാക്കാനെത്തിയത്. ഇതിന്റെ തുടർ നടപടികൾ നടന്നുവരികയാണ്. ജനസമ്പർക്ക പരിപാടി രാത്രി വൈകിയും തുടരുകയാണ്.

നഗരത്തിലെ ഗതാഗതക്കുരുക്കൊഴിവാക്കാൻ കലക്ടർ കെ. ഗോപാലകൃഷ്ണഭട്ടിന്റെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് നടത്തിയത്. വ്യാപാരി വ്യവസായി ഏകോപന സമിതി കൽപ്പറ്റ യൂണിറ്റ്, ലീഡ് ബാങ്ക്, വൈത്തിരി-ബത്തേരി താലൂക്ക് ഓഫീസുകൾ എന്നിവ സംയുക്തമായി ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കാനെത്തിയ പൊതുജനങ്ങൾക്ക് ഭക്ഷണപ്പൊതികൾ സൗജന്യമായി വിതരണം ചെയ്തു. ഭക്ഷണത്തിനും കുടിവെള്ളത്തിനുമായി കുടുംബശ്രീയുടെ കാന്റീനും സജ്ജമായിരുന്നു

പി.കെ.കെ.എം. കോളേജിന് സ്വന്തം സ്ഥലം

കൽപ്പറ്റ: മാനന്തവാടി പി.കെ.കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കെട്ടിടം പണിയാൻ സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് പി.ടി.എ.ഭാരവാഹികൾ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നൽകിയ അപേക്ഷ ഫലം കണ്ടു.

നല്ലൂർനാട് വില്ലേജിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള റീസർവ്വെ 23/1 ൽപ്പെട്ട 2.63 ഏക്കർ സ്ഥലം കോളേജിന് അനുവദിക്കാൻ മുഖ്യമന്ത്രി ഉത്തരവിട്ടു.

2008 ജൂലൈയിൽ ആരംഭകാലംമുതൽ മാനന്തവാടി ഗവ.കോളേജിന്റെ രണ്ട് ബ്ലോക്കുകളിലായാണ് കോളേജ് പ്രവർത്തിച്ചിരുന്നത്.

വേദിയിൽ വിതരണം ചെയ്ത ധനസഹായങ്ങൾ

വൈത്തിരി താലൂക്ക് : മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിച്ചവർ - 1) മിനികളത്തിൽ, പുത്തൂർവയൽ രാമൻ, കൊയിണിക്കോടൻ ഹസ്സൻ, പുള്ളക്കണ്ടി മാധവൻനായർ, പാറക്കുഴിയിൽ പാത്തുമ്മ. ദേശീയകുടുംബക്ഷേമം - ധനസഹായം : ശിവപുരം സീതാലക്ഷ്മി ശിവാനന്ദൻ - 10,000 രൂപ, കൈനിക്കൽ ഷമീന - 10,000, കയ്യാർ ശാന്ത - 10,000 രൂപ. കാലവർഷത്തിൽ മരണപ്പെട്ട രണ്ടാം ക്ലാസ്സ് വിദ്യാർത്ഥി സനുവിന്റെ കുടുംബത്തിന് ഒരു ലക്ഷം രൂപയും അനുവദിച്ചു.

മാനന്തവാടി താലൂക്ക് : കാലവർഷത്തിൽ മരണമടഞ്ഞ പെരുവടിയിൽ സീതയുടെ കുടുംബത്തിനും, പുളിക്കൽ അനുപമയുടെ കുടുംബത്തിനും, വാകേരി-അംബേദ്കർ കോളനിയിലെ കാർത്തിയുടെ കുടുംബത്തിനും ഒരു ലക്ഷംരൂപ വീതം ധനസഹായം നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 124 കേസ്സുകളിലായി 5,000 രൂപ വീതം 6,20,000 രൂപയും ദേശീയകുടുംബക്ഷേമനിധിയിൽ നിന്നും 42 കേസുകളിലായി 10,000 രൂപ വീതം 4,20,000 രൂപ.

ബത്തേരി താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മൂവ്വായിരം രൂപ വീതം കീഴാടത്ത് സുമക്ക് മകളുടെ ചികിത്സക്കും പുത്തൻപുരക്കൽ ജോർജ്ജ്.പി.ജോസഫിനും നൽകി. പട്ടയം : തായ്ത്തൊടി സുബൈർ നബീസ - 10 സെന്റ് , ദേശീയ കുടുംബക്ഷേമം - 1) ഹസീന ബഷീർ - 10,000 രൂപ, ഓമന രാജപ്പൻ പുലിമത്തത്ത് - 10,000 രൂപ

അന്ന് കരിങ്കൊടി; ഇന്ന് പച്ചക്കൊടി

കൽപ്പറ്റ: കഴിഞ്ഞതവണ ജില്ല സന്ദർശിക്കാനെത്തിയ ഉമ്മൻചാണ്ടിക്ക് ഏറ്റവും അധികം കാണാൻ കഴിഞ്ഞത് കരിങ്കൊടികൾ മാത്രം.

എന്നാൽ ഇന്ന് പാതയുടെ ഇരുവശത്തും നിരനിരയായി നിറഞ്ഞ പൂഞ്ചിരിയുമായി പ്രതീക്ഷയുടെ പച്ചക്കൊടിയേന്തി സ്വീകരിക്കുന്നവരെയാണ്. കൃഷ്ണഗിരിയിലെ എം.വി.ശ്രേയാംസ്കുമാറിന്റെ വിവാദഭൂമി ഏറ്റെടുക്കാൻ തയാറാവാത്തതിൽ പ്രതിഷേധിച്ചായിരുന്നു ഇടത് സംഘടനയുടെ

നേതൃത്വത്തിൽ കഴിഞ്ഞതവണ ജില്ലയിൽ അങ്ങോളമിങ്ങോളം കരിങ്കൊടി ഉയർത്തിക്കാട്ടി മുഖ്യമന്ത്രിയെ എതിരേറ്റത്. ഈ സാഹചര്യങ്ങൾ എല്ലാം മാറി. ഇന്ന് ചുരം കയറി വന്ന മുഖ്യമന്ത്രിക്ക് വയനാടിന്റെ കുളിരുള്ള കാറ്റ് അനുഭൂതിയാണ് ഉണ്ടാക്കിയത്.

കഴിഞ്ഞതവണ കരിങ്കൊടി ഉയർത്തിക്കാട്ടിയവർപോലും ഇന്ന് ഉമ്മൻചാണ്ടിയെ സ്വീകരിക്കാൻ ഉണ്ടായിരുന്നു.

ആദ്യ പരാതി ആംബുലൻസിൽ എത്തിയ രോഗിയിൽനിന്ന്

കൽപ്പറ്റ: ആംബുലൻസിൽ എത്തിയ രോഗിയുടെ സമീപമെത്തിയാണ് മുഖ്യമന്ത്രി ജില്ലയിലെ ആദ്യ പരാതി സ്വീകരിച്ചത്.

അരക്കുകീഴെ തളർന്ന പിണങ്ങോട് ഗിരീഷ്കുമാർ(42) ഭാര്യ ഷൈലജയോടും ബന്ധുക്കളോടുമൊപ്പം ആംബുലൻസിലെത്തിയാണ് മുഖ്യമന്ത്രിക്കു പരാതി നൽകിയത്. ഒരു വർഷം മുൻപ് യൂനിവേഴ്സിറ്റിയിൽ കെട്ടിടനിർമാണ ജോലിക്കിടെ വീണാണ് പരിക്കേറ്റത്.

മൂന്ന് ലക്ഷത്തോളം രൂപ ചെലവായി. അഞ്ച് സെന്റ് സ്ഥലവും വീടുമാണുള്ളത്. വീട്ടിലേക്ക് റോഡില്ല. വൈദ്യുതിയുമില്ല. ചികിൽസക്കായി മൂന്നര ലക്ഷത്തോളം ചെലവായ ഗിരീഷിന് നാട്ടുകാരായിരുന്നു ഇതുവരെ താങ്ങായുണ്ടായിരുന്നത്. ആംബുലൻസിനടുത്തേക്ക് വരുമെന്ന പ്രതീക്ഷയിൽ ബന്ധുക്കൾ കാത്തുനിന്നെങ്കിലും മുഖ്യമന്ത്രിയെത്തിയില്ല. തുടർന്ന് സ്ട്രക്ചറിൽ കിടത്തിയാണ് മുഖ്യമന്ത്രിക്ക് അടുത്തേക്ക് കൊണ്ടുപോയത്. 25000 രൂപ ദുരിതാശ്വാസ നിധിയിൽനിന്നും മുഖ്യമന്ത്രി നൽകി. ഒരാഴ്ചക്കകം വൈദ്യുതി എത്തിക്കുവാൻ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം ഉറപ്പു നൽകി.

അരക്കു താഴെ തളർന്ന ഗിരീഷ് മുഖ്യമന്ത്രിയെ കാണാൻ ആംബുലൻസിൽ എത്തിയപ്പോൾ

ജോലി തേടിയെത്തി; വികലാംഗ നിരാശയായി മടങ്ങി

കൽപ്പറ്റ: മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ജോലി ആവശ്യാർത്ഥമുള്ള പരാതിയുമായി എത്തിയ വികലാംഗ യുവതിയെ ഒരു മറുപടിയും നൽകാതെ മടക്കിയയച്ചു. പുതാടി നെടുമ്പത്ത് ഷിനിയുടെ പരാതിയാണ് മുഖ്യമന്ത്രി വാങ്ങിയ ശേഷം മാറ്റിവെച്ചത്.

പൊളിറ്റിക്കൽ സയൻസിൽ പി ജിയും സോഷ്യൽ സയൻസിൽ ബി എഡുമുള്ള ഷിനി പ എസ് സി കഴിഞ്ഞ വർഷം നിയമിതയായ യു പി സ്കൂൾ അസിസ്റ്റന്റ്, ലാസ്റ്റ് ഗ്രേഡ് സെർവന്റ് പരീക്ഷകൾ എഴുതിയിരുന്നു. തനിക്ക് ഏറെ പ്രതീക്ഷയുള്ള പരീക്ഷയുടെ ഫലം ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് ഷിനി പറഞ്ഞു. അച്ഛനും അമ്മയും രണ്ട് സഹോദരിമാരുമാണ് തനിക്കുള്ളത്. വരുമാന മാർഗമില്ലാത്തതിനാൽ ജീവിക്കാൻ കുടുംബം പ്രയാസപ്പെടുകയാണെന്നും ഷിനി പറഞ്ഞു. പരാതി നൽകിയ ശേഷം താൻ കാറെ ന്നരം അവിടെ കാത്തുനിന്നെങ്കിലും അനുകൂലമോ, പ്രതികൂലമോ ആയ ഒരു മറുപടിയും ലഭിച്ചില്ലെന്ന് ഇവർ പറഞ്ഞു.

വനം വകുപ്പിന്റെ ധനസഹായങ്ങൾ

സ്വന്തത് വയനാട് ഡിവിഷനിൽ മേപ്പാടി റെയ്ഞ്ചിലെ മുട്ടിൽ സെക്ഷൻ പരിധിയിലുള്ള പോത്തുകെട്ടിയിൽ പാമ്പുകടിയേറ്റ് മരിച്ച ചേനക്കാട്ടിൽ ബിനുയാക്കോബിന്റെ വിധവ ഷീബയ്ക്ക് ഒരു ലക്ഷം രൂപയും

ചെതലയം റേഞ്ചിൽ ചേലൂരിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട കടമ്പേടവീട് കെഎൻ.ബിജുപ്പയുടെ വിധവ കെ.കെ.ജാൽക്കി മൂന്ന് ലക്ഷം രൂപയും അനുവദിച്ചു.

പരാതിയുമായി ആറാം ക്ലാസ്സുകാരി നിഥിലയെത്തി; പ്രശ്നപരിഹാരവുമായി

കൽപ്പറ്റ: ആറാം ക്ലാസ്സ് വിദ്യാർത്ഥിനികളായ നിഥിലയും നിഷ്മ ജനസമ്പർക്ക പരിപാടി മുഖ്യമന്ത്രിയെ കാണാനെത്ത് കൗതുകമായി. ലക്കിടി താമസിക്കുന്ന നിഥിലയു പ്രശ്നം അവതരിപ്പിക്കാനായി ഇരുവരുടേയും വരവ്. വീ നിന്നും സ്കൂളിലേക്കുള്ള വഴിയിലെ (ടൗൺ ടു ടൗൺ) കൺസഷനായിരുന്നു വിഷയം. ദിവസവും ഒമ്പത് രൂപാകൊടുത്ത് 20 കിലോമീറ്റർ യാത്രചെയ്തു വരുന്ന നിഥിലയ്ക്ക് കൺസഷൻ ലഭിച്ചിരുന്നില്ല.

ബന്ധപ്പെട്ടവരെ സമീപിച്ചിട്ടും ഫലമില്ലാത്തതിനാലാണ് മുഖ്യമന്ത്രിയെ കാണാനെത്തിയത്. നിഥിലയുടെ കുട്ടിപ്രശ്നം അതീവ ഗൗരവത്തോടെയാണ് മുഖ്യമന്ത്രി എടുത്തത്. കൺസഷനുള്ള നടപടികൾ ഉടൻ ചെയ്തുകൊള്ളാമെന്ന് മുഖ്യമന്ത്രി വാക്ക് നൽകി. മാതാപിതാക്കളോടൊപ്പമോ മറ്റുമുതിർന്നവരുടേയോ കൂടെയല്ല നിഥിലയെത്തിയത്. സ്വന്തം പ്രശ്നങ്ങൾ ഒറ്റയ്ക്ക് പരിഹരിക്കാൻ ആരെയും ഭയക്കേണ്ട ആവശ്യമില്ലെന്നതായിരുന്നു നിഥിലയുടെ അഭിപ്രായം

കൊട്ടങ്കര ഗ്രാമത്തെ ഉത്സവ ലഹരിയിലാഴ്ത്തി മുഖ്യനെത്തി

മീനങ്ങാടി: മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ സന്ദർശനം കൊട്ടങ്കര ഗ്രാമവും നൂൽപ്പുഴ പഞ്ചായത്ത് പ്രവാസികളും ഉത്സവമാക്കി മാറ്റി. ഗ്രാമത്തിൽ ഒരു മുഖ്യമന്ത്രി ആദ്യമായെത്തുന്നതിന്റെ ആവേശത്തിലായിരുന്നു. ഗ്രാമവാസികളും പഞ്ചായത്തിലെ മറ്റുനിവാസികളും രാവിലെ ഏഴുമണിക്ക് കൊട്ടങ്കരവിലെത്തുമെന്നാണ് നേരത്തെ അറിയിച്ചിരുന്നതെങ്കിലും 15 മിനുട്ട് നേരത്തെയെത്തിയ മുഖ്യമന്ത്രി ഗ്രാമത്തെയാകെ അമ്പരപ്പിച്ചു.

അതിവേഗം ബഹുദൂരമുള്ള യാത്രയിലുടനീളം ഉദ്യോഗസ്ഥരും ജനപ്രതിനിധികളും മാധ്യമ പ്രവർത്തകരുമെല്ലാം മുഖ്യമന്ത്രിക്കൊപ്പമെത്താൻ നന്നെ പാടുപ്പെട്ടതും കാണാമായിരുന്നു.

ദേശീയ പാതയിൽ നിന്നും വനത്തിലേക്ക് കയറിയ ശേഷം ബാക്കി ദൂരം നടക്കാൻ മുഖ്യമന്ത്രി സന്നദ്ധനായെങ്കിലും വനം വകുപ്പിന്റേതടക്കമുള്ള ജീപ്പുകളിൽ മുഖ്യമന്ത്രിയും സംഘവും ഉൾവനത്തിലേക്ക് ഒന്നര കി.മീ യാത്ര ചെയ്തു.

പിന്നീട് ബാക്കി ദൂരം നടന്നാണ് മുഖ്യമന്ത്രിയും , മന്ത്രി പി.കെ ജയലക്ഷ്മിയും എം.എൽ.എ ഐ.സി ബാലകൃഷ്ണനും ജില്ലാ കലക്ടർ കെ. ഗോപാലകൃഷ്ണഭട്ട് അടക്കമുള്ള ഉദ്യോഗസ്ഥരും കൊടങ്കരയിലെത്തിയത്. പുഴയ്ക്ക് കുറുകെയുള്ള പാലം മുഖ്യമന്ത്രിയെ വരവേൽക്കാൻ മുളങ്കമ്പുകൾ പാകി മനോഹരമാക്കാനും കൊട്ടങ്കരക്കാർ മറന്നില്ല.

കാട്ടുമൃഗങ്ങളുടെ ശല്യത്തിൽ കഴിഞ്ഞ 25 വർഷമായി തരിശിട്ടിരിക്കുന്ന വിശാലമായ വയലിൽ മുഖ്യമന്ത്രിക്കും സംഘത്തിനുമായി ഗ്രാമവാസികൾ മനോഹരമായ വേദിയുമൊരുക്കിയിരുന്നു. സ്ത്രീകളും കുട്ടികളുമടങ്ങുന്ന ഗ്രാമവാസികൾ കൂട്ടമായി ഉത്സാഹത്തോടെയാണ് മഞ്ഞ് പെയ്യുന്ന പുലർകാലത്തിൽ ഗ്രാമത്തിൽ വിരുന്നെത്തിയ സംസ്ഥാന മുഖ്യമന്ത്രിയെ വരവേറ്റത്.

മുഖ്യമന്ത്രിയുംസംഘവും കൊട്ടങ്കര ഗ്രാമത്തിലേക്കുള്ള യാത്രയിൽ.